ഇവ കൂടാതെ 66 കിലോവാട്ട് ശേഷിയുള്ള 64 പീക്കോ ജലവൈദ്യുത പദ്ധതികളും കമ്മീഷൻ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ താഴെപ്പറയുന്നവയാണ് :

ക്രമനമ്പർ	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി
1	കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്)	1.00
2	ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ	0.096
3	പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ	0.050
	ആകെ	1.146 MW

കാവാലം സബ്സ്റ്റേഷൻ നിർമ്മാണം

34 (401) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി ആദ്യം കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമ പ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചിട്ടില്ല തുടർന്ന് നീലംപേരൂർ എന്ന സ്ഥലത്ത് അനുയോജ്യമായ കരഭൂമി കണ്ടെത്തി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള മറ്റു സാങ്കേതിക കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട് നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.

രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികൾ

35 (402) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതികളിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന വ്യക്തമാക്കുമോ ;

(സി) പുനലൂർ നിയോജകമണ്ഡലത്തിലെ റോസ്മല ഗ്രാമത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം കൊല്ലം ജില്ലയിൽ ഈ പദ്ധതി നിലവിലില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന)-യിൽ ഉൾപ്പെടുത്തി സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് കണക്ടഡ് പരിധിയില്ലാതെ സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ നവംബർ 30 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. കൂടാതെ പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് കണക്ഷനുകൾ നൽകാനാകും.

(സി) 28-1-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം റോസ്മല പ്രദേശത്തെ വൈദ്യുതീകരണം ആർ.ജി.ജി.വി.വൈ.-യിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ വനത്തിൽ കൂടി 11 കെ.വി.-ഓവർഹെഡ് ലൈൻ നിർമ്മിക്കുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്നും ലഭിച്ചില്ല. തുടർന്ന് ഓവർഹെഡ് ലൈനിനു പകരം UG കേബിൾ ഉപയോഗിച്ച് 10 കിലോമീറ്റർ ലൈൻ നിർമ്മിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി തേടിയെങ്കിലും 9 കിലോമീറ്റർ നിർമ്മിക്കുന്നതിനുവേണ്ട അനുമതി മാത്രമെ ലഭിച്ചിട്ടുള്ളൂ. ഒരു കിലോമീറ്റർ ദൂരം ശെന്തുരുണി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ കൂടി കടന്ന് പോകുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി

36 (403) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ബി.പി.എൽ. അപേക്ഷകർ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly